**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4666** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, എന്നിവ മുഖേനയാണ് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി കൾക്ക് ധനസഹായം നൽകി വരുന്നത്.<br><br>കടലിൽ മത്സ്യബന്ധനത്തിലേർ പ്പെടുന്നവർക്കും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും ഒരേ നിരക്കിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കടലിലെ മത്സ്യബന്ധനത്തിന് പുറമെ മറ്റിടങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങളിൽ സർക്കാർ സഹായം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, എന്നിവ മുഖേനയാണ് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി കൾക്ക് ധനസഹായം നൽകി വരുന്നത്.<br><br>കടലിൽ മത്സ്യബന്ധനത്തിലേർ പ്പെടുന്നവർക്കും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും ഒരേ നിരക്കിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | അപകടങ്ങളിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ സഹായങ്ങളെ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**<u>മത്സ്യഫെഡ് മുഖേന നൽകുന്ന സഹായങ്ങൾ</u>**

1) **<u>മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. 2022-23 വർഷം M/s ദി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2) **<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലമുള്ള മരണങ്ങൾ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്ത് ടി കാരണങ്ങൾ മൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് "മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ" നിന്നും ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകി വരുന്നു.

**<u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന സഹായങ്ങൾ</u>**

**<u>(1) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u>**

മത്സ്യബോർഡ് അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും സർക്കാർ ധനസഹായം ഉപയോഗിച്ച് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതി പ്രകാരം നൽകുന്ന ധനസഹായങ്ങളുടെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 | 5000/-രൂപ വീതം |

| | | |
|---|---|---|
| | കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | ഒരാൾക്ക് (പരമാവധി 10,000/- രൂപ ) |
| f | അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- രൂപ (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

**<u>(2) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി:</u>**

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. കുറഞ്ഞത് 7 ദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽ മാത്രമെ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയുള്ളൂ. പരമാവധി 500/- രൂപ വരെ ധനസഹായമായി നൽകുന്നു.

**<u>(3) ചെയർമാൻസ് റിലീഫ് ഫണ്ട്:</u>**

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടംമൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും; തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിത്സ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിൻറെ ഗൗരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**അനുബന്ധം-2**

## ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

| | | |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000/-രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ ) |
| c | ശവസംസ്കാര ചെലവ് | 2,500/- രൂപ |

## ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ധനസഹായങ്ങൾ

ഇൻഷുറൻസ് ആനുകൂല്യം

| ജില്ലയുടെ പേര് | ക്ലെയിം അനുവദിച്ചവരുടെ എണ്ണം | തുക (രൂപ) |
|---|---|---|
| തിരുവനന്തപുരം | 7 | 70,14,000/- |
| കൊല്ലം | 10 | 50,02,500/- |
| ആലപ്പുഴ | 9 | 80,77,500/- |
| എറണാകുളം | 3 | 22,15,000/- |
| തൃശ്ശൂർ | 4 | 30,42,200/- |
| മലപ്പുറം | 1 | 10,10,000/- |
| കോഴിക്കോട് | 1 | 10,00,000/- |
| കാസർഗോഡ് | 2 | 20,10,000/- |
| **ആകെ** | **37** | **2,93,71,200/-** |

**മത്സ്യബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ 2021-22**

**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ധനസഹായം**

| പദ്ധതി | എണ്ണം | തുക |
|---|---|---|
| അപകട മരണം/കാണാതാകൽ | 184 | 17,70,07,000/- |
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 0 | 0 |
| അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 15 | 68,70,000/- |
| അപകടംമൂലം പരിക്ക്പറ്റി 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്നതിന് | 124 | 30,25,980/- |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 11 | 1,12,500/- |
| ശവസംസ്കാര ചെലവ് | 7 | 17,200/- |
| ആകെ | 341 | 18,70,32,680/- |

**മത്സ്യബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ 2022-23**

**(ജൂൺ വരെ)**

**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ധനസഹായം**

| പദ്ധതി | എണ്ണം | തുക |
|---|---|---|
| അപകട മരണം/കാണാതാകൽ | 38 | 3,84,90,000/- |
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 4 | 11,20,000/- |
| അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 0 | 0 |
| അപകടംമൂലം പരിക്ക്പറ്റി 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്നതിന് | 79 | 16,15,208/- |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 3 | 20,000/- |

| | | |
|---|---|---|
| ശവസംസ്കാര ചെലവ് | 1 | 2,500/- |
| ആകെ | 125 | 4,12,47,708/- |